# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ്

**രജി.ഓഫീസ് - കോട്ടയം - 686004**

ഇ -ടെണ്ടർ വ്യവസ്ഥകൾ

പ്ലാന്റേഷൻ കോർപ്പറേഷൻ വക പേരാമ്പ്ര, തണ്ണിത്തോട്, അതിരപ്പിള്ളി എസ്റ്റേറ്റുകളിലേക്ക് പ്ലാന്റിംഗിന് വേണ്ടി **ഉദ്ദേശം 40,000 എണ്ണം (RRII-105-17750 Nos. RRI-430-22,250 Nos.)** റൂട്ട് ട്രയിനർ റബ്ബർ തൈകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി എസ്റ്റേറ്റിലെ നിശ്ചിത ഡിവിഷനുകളിൽ എത്തിച്ചു നൽകുന്നതിന് റബ്ബർ ബോർഡ് അംഗീകാരമുള്ള കരാറുകാരിൽ നിന്നും ഇ-ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

വ്യവസ്ഥകൾ

1. ടെണ്ടറിൽ ഒരു റൂട്ട് ട്രയിനർ തൈ എസ്റ്റേറ്റിലെ ഡിവിഷൻ ഓഫീസിൽ എത്തിച്ചു നൽകുന്നതിനുള്ള ഏറ്റവും കുറഞ്ഞ തുകയാണ് രേഖപ്പെടുത്തേണ്ടത്. കരാറുകാരൻ നൽകുന്ന റൂട്ട് ട്രയിനർ തൈകളുടെ കപ്പുകൾ കരാറുകാരൻ തന്നെ തിരികെ എടുക്കുവാൻ താത്പര്യമുള്ള പക്ഷം ടി കപ്പുകൾക്ക് നൽകാവുന്ന ഏറ്റവും കൂടിയ നിരക്കും രേഖപ്പെടുത്തേണ്ടതാണ്. അത്തരത്തിൽ നിരക്കുകൾ രേഖപ്പെടുത്തുന്ന പക്ഷം കപ്പുകളുടെ നിരക്ക് കുറച്ച് ഉള്ള തുക പരിഗണിച്ചായിരിക്കും റൂട്ട് ട്രയിനർ തൈ എസ്റ്റേറ്റിൽ എത്തിച്ചു നൽകുന്നതിനുള്ള നിരക്ക് കണക്കാക്കുന്നത്.
2. കപ്പുകൾ തിരികെ എടുക്കുവാൻ താത്പര്യമില്ലാത്തവർക്ക് കപ്പോടുകൂടിയ റൂട്ട് ട്രയിനർ തൈകൾ ഡിവിഷനിൽ എത്തിച്ചു നൽകുന്നതിനുള്ള നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ സമർപ്പിക്കാവുന്നതാണ്.
3. ആവശ്യമുള്ള തൈകളുടെ ഉദ്ദേശം എണ്ണമാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നിരുന്നാലും കോർപ്പറേഷനിൽ ആവശ്യമുള്ള കൃത്യം തൈകളുടെ എണ്ണം പർച്ചെയ്സ് ഓർഡറിൽ പ്രതിപാദിക്കുന്നതും ആയത് കരാറുകാരൻ പർച്ചെയ്സ് ഓർഡറിൽ നിജപ്പെടുത്തിയിരിക്കുന്ന തീയതിക്കുള്ളിലായി ടെണ്ടർ പ്രകാരം അംഗീകരിച്ച അതേ നിരക്കിൽ തന്നെ സ്വന്തം ചിലവിൽ എത്തിച്ചു നൽകേണ്ടതുമാണ്.
4. ഒരു തൈ സ്വന്തം ചിലവിൽ നിയമാനുസൃതമായ എല്ലാ നികുതികളും കയറ്റിയിറക്കു കൂലിയും ട്രാൻസ്പോർട്ടിംഗ് ചാർജ്ജ്സും അടക്കം തോട്ടത്തിൽ എത്തിച്ചു നൽകുന്നതിനുള്ള തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. പിന്നീടുള്ള നിരക്ക് വർദ്ധനവുകളും ഈ ടെണ്ടർ വ്യവസ്ഥയ്ക്ക് പുറമെ കരാറുകാരൻ കൂട്ടിച്ചേർക്കുന്ന വ്യവസ്ഥകൾ യാതൊരു കാരണവശാലും കോർപ്പറേഷൻ അംഗീകരിക്കുന്നതല്ല.
5. കരാറുകാരൻ നൽകുന്ന തൈകളുടെ കപ്പുകൾ (കപ്പുകളുടെ നിരക്കുകൾ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ) കോർപ്പറേഷൻ തൈകൾ നട്ടതിനുശേഷം 30 ദിവസത്തിനുള്ളിൽ എസ്റ്റേറ്റിലെ ഡിവിഷനുകളിൽ നിന്നും സ്വന്തം ചിലവിൽ മടക്കി കൊണ്ടുപോകേണ്ടതാണ്.
6. കോർപ്പറേഷൻ ഈ ടെണ്ടർ കണ്ടീഷനിൽ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം തൈയുടെ സ്പെസിഫിക്കേഷനും ഗുണനിലവാരവും നിബന്ധനകളും പ്രകാരമുള്ള റൂട്ട് ട്രയിനർ തൈകൾ ആയിരിക്കണം നൽകേണ്ടത്.
7. റൂട്ട് ട്രയിനർ തൈകളുടെ സ്പെസിഫിക്കേഷൻ/ഗുണനിലവാര നിബന്ധനകൾ

   (എ) കപ്പുകൾക്ക് 26 cm നീളവും വായ് ഭാഗത്ത് 7.5 cm വ്യാസവും 600 cc വ്യാപ്തവും ഉള്ള കപ്പുകളിൽ വികസിപ്പിച്ചെടുത്ത ഗ്രീൻ ബഡ്ഡ് തൈകളാണ് ആവശ്യമുള്ളത്.

   (ബി) 600 cc കപ്പിന്റെ ഉൾഭിത്തിയിൽ നെടുകെ 6 തടിപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(സി) പാകപ്പെടുത്തിയ ചകിരിച്ചോറിൽ റബ്ബർ ബോർഡിന്റെ നിർദ്ദേശ പ്രകാരമുള്ള വളവും കുമിൾ നാശിനിയും കീടനാശിനിയും ചേർത്ത് തയ്യാറാക്കിയ മിശ്രിതമാണ് കപ്പിൽ ഉണ്ടായിരിക്കേണ്ടത്.

(ഡി) വിതരണം ചെയ്യുന്ന തൈകൾക്ക് കുറഞ്ഞത് രണ്ട് തട്ട് മൂപ്പെത്തിയ ഇലകളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

(ഇ) വിതരണം ചെയ്യുന്ന തൈകളുടെ ചുവട് ഭാഗത്തിന് കുറഞ്ഞത് 3 സെ.മി. വണ്ണം ഉണ്ടായിരിക്കേണ്ടതാണ്.

(എഫ്) ബഡ്ഡിൽ നിന്നുള്ള മുളയുടെ ചുവട്ടിൽ 1.5 സെ.മി. വണ്ണം ഉണ്ടായിരിക്കേണ്ടതാണ്.

(ജി) തൈകൾ രോഗ മുക്തവും കരുത്തും ആരോഗ്യമുള്ളവയും ഇലപ്പുള്ളികളോ ഉണക്കോ ബാധിക്കാത്തതുമായ ഇലകളോട് കൂടിയവയായിരിക്കണം.

8. പർച്ചെയ്സ് ഓർഡറിൽ പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ (ഷെഡ്യൂൾ) അനുസരിച്ച് കരാറുകാരൻ തൈകൾ സ്വന്തം ചിലവിൽ എസ്റ്റേറ്റിലെ നിശ്ചിത ഡിവിഷനിൽ എത്തിച്ചു നൽകേണ്ടതാണ്. സാധാരണ നിലയിൽ കരാർ കാലാവധി നീട്ടി നൽകുന്നതല്ല. കരാർ കാലാവധി കഴിഞ്ഞ് തൈകൾ നൽകിയാൽ ആയതിന് ഓരോ 7 ദിവസത്തിനും വിതരണം ചെയ്യാനുള്ള തൈയുടെ ആകെ വിലയുടെ അര ശതമാനം എന്ന നിരക്കിൽ പിഴ തുക സഹിതം ഒരു മാസം വരെയുള്ള സമയം വരെയും ഈടാക്കാവുന്നതും കരാർ ജോലികൾ ചെയ്യാൻ അനുവദിക്കാവുന്നതുമാകുന്നു. 7 ദിവസത്തിൽ കുറവുള്ള ദിവസങ്ങൾക്ക് മേൽപ്പറഞ്ഞതിന് ആനുപാതികമായി പിഴ ഈടാക്കുന്നതാണ്.
9. കരാറുകാരൻ കരാർ പ്രകാരം ജോലികൾ ഒന്നും ചെയ്യാതിരിക്കുകയോ കരാർ കാലാവധിക്ക് മുമ്പായി കരാറിൽ നിന്നും പിൻവാങ്ങുകയോ ചെയ്താൽ ടി കരാർ റദ്ദുചെയ്യുന്നതും സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടുന്നതുമായിരിക്കും. കോർപ്പറേഷന് ആവശ്യമായ തൈകൾ പൂർണ്ണമായോ ഭാഗീകമായോ മറ്റ് ഏതെങ്കിലും സ്രോതസ്സുകളിൽ നിന്നും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ലഭ്യമാക്കുന്നതും ആയത് മൂലം ഉണ്ടാകാവുന്ന എല്ലാ ചെലവുകളും നഷ്ടങ്ങൾക്കും കരാറുകാരൻ പൂർണ്ണമായും ഉത്തരവാദി ആയിരിക്കും. ആയത് കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്. കൂടാതെ കരാറുകാരന്റെ നിരതദ്രവ്യം/ സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവ സഹിതം എല്ലാ തുകയും കണ്ടുകെട്ടി കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതും മേൽപടി തുക ഈടാക്കുന്നതുമായിരിക്കും.
10. ഏതൊരു ടെണ്ടറും സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്റ്ററിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മാനേജിംഗ് ഡയറക്റ്ററുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആയതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
11. ടെണ്ടർ കണ്ടീഷനിലോ ടെണ്ടർ നടത്തുന്നതിലോ എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടായാൽ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്റ്ററുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആയതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
12. കരാറുകാരൻ ടെണ്ടർ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ഇ ടെണ്ടർ സ്ഥിരീകരണ ഉത്തരവ് കൈപ്പറ്റി സമയ പരിധിക്കുള്ളിൽ തൈകൾ ലഭ്യമാക്കാതിരിക്കുകയോ ചെയ്താൽ കരാർ റദ്ദുചെയ്യുന്നതും, കോർപ്പറേഷനിൽ കരാറുകാരൻ അടച്ചിരിക്കുന്ന ഇ.എം.ഡി / സെക്യൂരിറ്റി ഡിപ്പോസിറ്റ് മുതലായ തുകകൾ കണ്ടുകെട്ടുന്നതും തുടർന്ന് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ഇ ടെണ്ടർ നടത്തുന്നതുമായിരിക്കും. പുനർ ഇ ടെണ്ടർ വഴി

കോർപ്പറേഷന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് ചെലവുകൾ സഹിതം ഈടാക്കുന്നതിന് കോർപ്പറേഷന് അധികാര-മുണ്ടായിരിക്കുന്നതുമാണ്.

13. ഈ ടെണ്ടർ സംബന്ധിച്ച് എന്തങ്കിലും തർക്കങ്ങൾ ഉൽഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമ നടപടികൾക്കുള്ള പരിധി കോട്ടയത്തുള്ള കോടതികൾ ആയിരിക്കും.
14. കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റ്, തൊഴിലാളികൾ മുതലായവരിൽ നിന്നോ കോർപ്പറേഷന് എന്തെങ്കിലും നാശ നഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ആയതിന്റെ നഷ്ടപരിഹാരം കോർപ്പറേഷൻ നിശ്ചയിക്കുന്നതും ആയതു കരാറുകാരനിൽ നിന്ന് ഈടാക്കുന്നതുമായിരിക്കും.
15. തൈകൾ കോർപ്പറേഷനിൽ നൽകുന്നതിനുള്ള കരാർ ഒന്നോ അതിൽ കൂടുതലോ കരാറുകാർക്ക് നൽകുന്നതിനുള്ള വിവേചന അധികാരം കോർപ്പറേഷനിൽ പൂർണ്ണമായി നിക്ഷിപ്തമായിരിക്കുന്നതാണ്.
16. ടെണ്ടർ അംഗീകരിച്ചു കൊണ്ട് കരാറുകാരന് അറിയിപ്പ് നൽകുന്നതും 7 ദിവസങ്ങൾക്കകം കരാറുകാരൻ 500/- രൂപ മുദ്രപത്രത്തിൽ ഇതിലേയ്ക്കായി ഒരു കരാർ കോർപ്പറേഷനുമായി വെയ്ക്കേണ്ടതും കരാറിന്റെ മൊത്തം തുകയുടെ 5% വരുന്ന തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവെയ്ക്കേണ്ടതാണ്.
17. എസ്റ്റേറ്റിൽ ലഭ്യമാക്കുന്ന തൈകളുടെ ഗുണനിലവാരത്തിലോ സ്പെസിഫിക്കേഷനിലോ വ്യത്യാസം ബോദ്ധ്യപ്പെട്ടാൽ അത്തരത്തിലുള്ള തൈകൾ സ്വീകരിക്കുന്നതല്ലാത്തതും ഗുണനിലവാരം കുറഞ്ഞവയ്ക്ക് പകരം എണ്ണം ഗുണനിലവാരം ഉള്ള തൈകൾ ഒരാഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട സ്ഥലങ്ങളിൽ സ്വന്തം ചെലവിൽ എത്തിച്ചു തരുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്. അപ്രകാരം ചെയ്യാതിരുന്നാൽ കോർപ്പറേഷൻ ബദൽ മാർഗ്ഗത്തിലൂടെ തൈകൾ വാങ്ങിക്കുന്നതും ഇതുമൂലം കോർപ്പറേഷന് ഉണ്ടാകുന്നതായ എല്ലാവിധ കഷ്ട നഷ്ടങ്ങൾക്ക് കരാറുകാരൻ പൂർണ്ണമായും ഉത്തരവാദി ആയിരിക്കുന്നതും ആയത് കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.
18. കരാറുകാരൻ ഈ കരാർ പ്രകാരമുള്ള പ്രവർത്തികൾ മറ്റാർക്കെങ്കിലും പൂർണ്ണമായോ ഭാഗീകമായോ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
19. കരാറുകാരന് ലഭിക്കേണ്ട എല്ലാ തുകകളും ചെക്കായി നൽകുന്നതാണ്, എന്നാൽ കരാറുകാരൻ ആവശ്യപ്പെട്ടാൽ നൽകാനുള്ള തുക ഞഠഏട ആയി സർവ്വീസിംഗ് ചാർജ്ജ് ഈടാക്കിക്കൊണ്ട് നൽകുന്നതാണ്. ഈ കരാറുമായി ബന്ധപ്പെട്ട് മുൻകൂർ പണം നൽകുന്നതല്ല. എസ്റ്റേറ്റിൽ ലഭ്യമാക്കുന്ന തൈയ്യുടെ ഗുണ നിലവാരം ബോദ്ധ്യപ്പെട്ട് 70% തുക ഉടനടി നൽകുന്നതും ബാക്കി തുക കരാർ പൂർത്തീകരിച്ചതിനു ശേഷം ഫൈനൽ പേയ്മെന്റായി നൽകുന്നതുമാണ്. കൂടാതെ കരാറുകാരൻ ഒറിജിനൽ ഇൻവോയ്സ് ഹെഡ്ഡോഫിസിലേയ്ക്കും ഒരു കോപ്പി എസ്റ്റേറ്റിലേയ്ക്കും നൽകേണ്ടതാണ്. കൂടാതെ ഇൻവോയ്സിൽ താഴെ പറയുന്ന സർട്ടിഫിക്കറ്റും ചേർക്കേണ്ടതാണ്.

 “Certified that the goods in which Goods & Service Tax has been charged have not been exempted under the Goods & Service Tax Act or the State Sales Tax Act or the Rules made there under and the charges on account of GST on these goods are correct under the provisions of the relevant Act or the Rules made there under. Certified further that we…………………………………………………………………………….(address) are registered as dealers in the State of ……………………………………… Under Registration No……… ………………………………… …….for the purpose”.

20. E.M.D ആയി മൊത്തം കരാർ തുകയുടെ 1% ഡിമാന്റ് ഡ്രാഫ്റ്റായി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് എന്നപേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ ഒപ്പിട്ട ടെണ്ടർ കണ്ടീഷനോടൊപ്പം 05.06.2018 തീയതിക്കു 5 PM ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

21. ഒപ്പിട്ട ടെണ്ടർ കണ്ടീഷന്റെയും E.M.D യുടെയും സ്കാൻഡ് കോപ്പി ഇ ടെണ്ടറിൽ നിരക്കുകൾ സമർപ്പിക്കുന്ന സമയത്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഒപ്പിട്ട ടെണ്ടർ കണ്ടീഷന്റെയും E.M.D യുടെയും ഒറിജിനൽ ഒട്ടിച്ച കവറിൽ **07.06.2018** തീയതിക്കു **5 PM** ന് മുമ്പായി പർച്ചെയ്സ് ഡിപ്പാർട്ടുമെന്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

22. നിരക്ക് അംഗീകരിക്കാത്ത കരാറുകാരുടെ E.M.D കരാറിന്മേൽ തീരുമാനമെടുത്ത് 30 ദിവസത്തിനകം തിരികെ നൽകുന്നതാണ്.

23. കരാറുകാരന്റെ സെക്യൂരിറ്റി തുക കരാർ കാലാവധി കഴിഞ്ഞ് 60 ദിവസത്തിനകം തിരികെ നൽകുന്നതാണ്.

24. E.M.D / സെക്യൂരിറ്റി തുകയ്ക്ക് പലിശ നൽകുന്നതല്ല.

25. കാരണം കൂടാതെ കരാർ മാറ്റി വയ്ക്കുന്നതിനോ ക്യാൻസൽ ചെയ്യുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും. ഇത്തരം സന്ദർഭങ്ങളിൽ കരാറുകാരന് നഷ്ട പരിഹാരങ്ങൾക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

26. ഇ-ടെണ്ടർ ഫോറത്തിന് 4,410/- രൂപ (നികുതിയടക്കം) ഓൺലൈനായി ടെണ്ടർ സമർപ്പിക്കുന്ന സമയത്ത് അടയ്ക്കേണ്ടതാണ്. അല്ലാതുള്ള ടെണ്ടറുകൾക്ക് അംഗീകാരം ഉണ്ടായിരിക്കുന്നതല്ല.

27. **ഇ-ടെണ്ടർ നൽകുന്നതിനുള്ള അവസാന ദിവസം 30/05/2018 5 PM ആണ്. ഇ ടെണ്ടർ തുറക്കുന്ന തീയതി 02/06/2018 ന് 11 AM ആണ്.**

തീയതി : 21.05.2018

**മാനേജിംഗ് ഡയറക്ടർ**